LIBRARY ARCHIVES Kerala Legislative Assembly

കർഷക കടാശ്വാസ കമ്മീഷൻ

103 (5452) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര നാളത്തേക്ക് ആണ് നീട്ടാൻ തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) കർഷക കടാശ്വാസ കമ്മീഷന് ഏത് ജില്ലയിലാണ് കൂടുതൽ അപേക്ഷകരുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 25-4-2015-ലെ സ.ഉ. (പി) നമ്പർ 159/2015/റവ. ഉത്തരവുപ്രകാരം സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്നു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലാണ് കർഷക കടാശ്വാസ കമ്മീഷന് കൂടുതൽ അപേക്ഷകരുള്ളത്.

നാളികേര നീര ബോർഡ്

104 (5453) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നാളികേര നീര ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ബോർഡിന്റെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 66/2014/നികുതി വകുപ്പ്, തീയതി 13-5-2014 പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ്

എക്സിക്യൂട്ടീവ് ഓഫീസറായുമാണ് നാളീകേര-നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. തുടർന്ന് നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച 22-6-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര മാർക്കറ്റിംഗ് പ്രമോട്ട് ചെയ്യുക എന്ന മുഖ്യ ചുമതലയാണ് നാളികേര നീര ബോർഡിനു നൽകിയിട്ടുള്ളത്.

റബ്ബർ സംഭരണം

105 (5454) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി ചെലവഴിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിന് ഫണ്ട് അനുവദിച്ചത് ;

(സി) സംഭരണം കൊണ്ട് റബ്ബർ കർഷകർക്ക് എന്തൊക്കെ പ്രയോജനം ഉണ്ടായെന്ന് വ്യക്തമാക്കാമോ ;

(ഡി) റബ്ബർ കർഷകർക്കായി ഇനി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും അതിനായി എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 12 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(ബി) റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനുമാണ്.

(സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിനാണ് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചത്. തുടക്കത്തിൽ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകിക്കൊണ്ട് RSS-4 ഗ്രേഡിലുള്ള റബ്ബറാണ് കർഷകരിൽനിന്നും സംഭരിച്ചത്. തുടർന്ന് 13-10-2014-ലെ സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly